പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 922 14-10-2026-ൽ മറുപടിയ്ക്ക്

ചെല്ലാനത്തെ പുറംബണ്ട് നിർമ്മാണവും ഡ്രെയിനേജ്-മത്സ്യകൃഷി നിയന്ത്രണ പദ്ധതികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. മുഹമ്മദ് ഷിയാസ്	ശ്രീ. മോൻസ് ജോസഫ് (ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കട്ടകടവ് ഔട്ടർ ബണ്ടിന്റെ നിർമ്മാണത്തിനായി ജലസേചന വകുപ്പ് അനുവദിച്ച 83 ലക്ഷം രൂപ വിനിയോഗിച്ചുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്താണെന്നും ഇത് എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

മറുപടി: കണ്ടക്കടവ് outer bund ന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പാടശേഖരത്തിന്റെ തെക്കേ ബണ്ടിൽ 100 മീറ്ററും വടക്കേ ബണ്ടിൽ 940 മീറ്ററും മുള അടിച്ച് അതിൽ ചെളി നിറച്ച് ബലപ്പെടുത്തുന്ന പ്രവൃത്തികളാണ് ടി വർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ തെക്കേ ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി നടന്നുവരുന്നു. 2027 മൺസൂൺ തുടങ്ങുന്നതിനു മുന്നോടിയായി ഈ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഓപ്പറേഷൻ വാഹിനി പദ്ധതിയിൽ ഉൾപ്പെടുത്തി മുറവകാട് പുറംബണ്ടിനായി അനുവദിച്ച ₹45 ലക്ഷം രൂപയുടെ ടെൻഡർ നടപടികൾ പൂർത്തിയായി പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

മറുപടി: മുറവക്കാട് പാടശേഖരത്തിന്റെ പുറം ബണ്ട് ബലപ്പെടുത്തുന്നതിന് ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പ്രവൃത്തിക്കായി Agreement no. 09/EE/MIDVN/EKM/2026-27 dated 14.07.2026 പ്രകാരം ഉടമ്പടി വെച്ചിട്ടുള്ളതും

10 മാസ കാലാവധിയോട് കൂടി കരാറുകാരനായ ശ്രീ കനകൻ ഗോപാലന് സ്ഥലം കൈമാറി നല്കിയിട്ടുള്ളതുമാണ്. ടി പാടശേഖരത്തിന്റെ വടക്കേ ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി നിലവിൽ പുരോഗമിക്കുന്നു.

(സി) തെക്കേ ചെല്ലാനം 14, 15 വാർഡുകളിലെ രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി പ്രവർത്തനരഹിതമായ 'പെട്ടിയും പറയും' സംവിധാനം അറ്റകുറ്റപ്പണി നടത്തുന്നതിനും പൊഴിച്ചാൽ ശുചീകരണത്തിനുമായി മൈനർ ഇറിഗേഷൻ വിഭാഗം തയ്യാറാക്കിവരുന്ന എസ്റ്റിമേറ്റിന്റെ തൽസ്ഥിതി എന്താണെന്ന് അറിയിക്കാമോ?

മറുപടി: തെക്കേ ചെല്ലാനം 14, 15 വാർഡുകളിലെ രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി, നിലവിൽ പ്രവർത്തനരഹിതമായ പെട്ടിയും പറയ്ക്കും പകരം പുതിയത് സ്ഥാപിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പൊഴിച്ചാലിന്റെ കൊണ്ടാലിപ്പ് റിസോർട്ട് മുതൽ സെന്റ് പോൾസ് ചർച്ച് വരെയുള്ള ഭാഗത്തെ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ്, ദുരന്ത നിവാരണ ഫണ്ടിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ